കോഴിക്കോട് ഗവ. പ്രസ്സിൽ - 17.5 ലക്ഷം രൂപ റീൽ പേപ്പർ ഗോഡൗൺ നിർമ്മാണം

എറണാകുളം ഗവ. പ്രസ്സിൽ ഇലക്ട്രിക് കപ്പാസിറ്ററുകൾ സ്ഥാപിക്കൽ -2.25 ലക്ഷം രൂപ

കോഴിക്കോട് ഗവ. പ്രസ്സിൽ ഇലക്ട്രിക് കപ്പാസിറ്ററുകൾ സ്ഥാപിക്കൽ -1.90 ലക്ഷം രൂപ

(ബി) ലെറ്റർ പ്രസ്സ് വിഭാഗത്തിലുള്ള കമ്പോസിറ്റർമാർക്കും കെൽട്രോൺ മുഖേന ഡി.റ്റി.പി. പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ 25 ജീവനക്കാർക്ക് അഡ്വാൻസ് ഡി.റ്റി.പി. പരിശീലനം നൽകിയിട്ടുണ്ട്. ലെറ്റർ പ്രസ്സ് വിഭാഗത്തിൽപ്പെട്ട പ്രിന്റർമാർക്കും ഓഫ്സെറ്റ് പ്രിന്റിംഗിൽ വകുപ്പുതലത്തിൽ പരിശീലനം നൽകിയിട്ടുണ്ട്.

(സി) ഷൊർണൂർ ഗവ. പ്രസ്സിന്റെ നവീകരണത്തിനായി വാങ്ങിയിട്ടുള്ള പുതിയ മെഷീനുകളുടെ വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.* 11,00,000 രൂപ വിലയുള്ള ആട്ടോപ്രിൻറ് നമ്പറിംഗ് മെഷീൻ വാങ്ങിയിട്ടുണ്ട്. 2.3 കോടി രൂപ ചെലവിൽ 4 കളർ വെബ് ഓഫ്സെറ്റ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

റീൽ പേപ്പർ ഗോഡൗൺ നിർമ്മാണത്തിന് 25 ലക്ഷത്തിന്റെയും വേസ്റ്റ് പേപ്പർ ഗോഡൗൺ നിർമ്മാണത്തിന് 17 ലക്ഷത്തിന്റെയും പ്രസ്സ് കാർട്ടേഴ്സിന്റെ ചുറ്റുമതിൽ നിർമ്മാണത്തിന് 25 ലക്ഷത്തിന്റെയും ഭരണാനുമതി നൽകിയിട്ടുണ്ട്. വേസ്റ്റ് പേപ്പർ ഗോഡൗണിന്റെ പണികൾ ഏതാണ്ട് പൂർത്തിയാക്കി. കാർട്ടേഴ്സിലേക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്സിൽ ജീവനക്കാരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ഷെഡ് നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

സർക്കാർ ഡയറികളുടെ അച്ചടിയും വിതരണവും

236(444) ശ്രീ. എം. വി. ശ്രേയാംസ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-ൽ അച്ചടിച്ച സർക്കാർ ഡയറികൾ, സൗജന്യമായി വിതരണം ചെയ്ത ഡയറികൾ, വിൽപ്പന നടത്തിയ സർക്കാർ ഡയറികൾ എന്നിവയുടെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) 2010-ൽ സംസ്ഥാനത്തെ മന്ത്രിമാരുടെ ഓഫീസ്, വസതി എന്നിവിടങ്ങളിലേയ്ക്ക് നൽകിയ സർക്കാർ ഡയറികളുടെ എണ്ണം വ്യക്തമാക്കുമോ ;

(സി) 2011-ൽ സംസ്ഥാനത്തെ മന്ത്രിമാരുടെ ഓഫീസ്, വസതി എന്നിവിടങ്ങളിലേയ്ക്ക് നൽകിയ സർക്കാർ ഡയറികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ മന്ത്രിമാർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർക്ക് ലഭിക്കുവാൻ അർഹതയുള്ള സർക്കാർ ഡയറികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് സർക്കാർ ഡയറികൾ സൗജന്യമായി വിതരണം നടത്തുന്നത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിവരം അനുബന്ധമായി (1) ആയി ചേർക്കുന്നു*.

(ബി) 2010-500 എണ്ണം വീതം.

(സി) 2011-350 എണ്ണം വീതം.

(ഡി) മുഖ്യമന്ത്രി, മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ് എന്നിവർക്ക് 500 എണ്ണം വീതം ലഭിക്കാൻ അർഹതയുണ്ട്. മറ്റുള്ളവർക്ക് പൊതുഭരണ (ഏകോപന) വകുപ്പിൽ നിന്നും നിർദ്ദേശിക്കുന്ന പ്രകാരം വിതരണം ചെയ്യുന്നു.

(ഇ) 6-11-2008-ലെ 51882/സിഡിഎൻ.1/08/ജി.എ.ഡി. നമ്പർ സർക്കുലറിന്റെ പകർപ്പ് അനുബന്ധം (II) ആയി ചേർത്തിട്ടുണ്ട്.*

നക്ഷത്ര ചിഹ്നമിടാത്ത 260, 297, 3000 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

(നക്ഷത്രചിഹ്നമിടാത്ത 260, 297, 300 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....

II. തിരുത്തിയ ഉത്തരം

(1) 29-12-2010-ലെ നക്ഷത്രചിഹ്നമിട്ട 186-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

9.30 AM]

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിൽ 2010 ഡിസംബർ മാസം 29-ാം തീയതിയിലെ നക്ഷത്രചിഹ്നമിട്ട 186-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിലെ (എ),(ബി) എന്നീ പിരിവുകളിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(2) 22-12-2010-ലെ നക്ഷത്രചിഹ്നമിട്ട 58-ാം നമ്പർ ചോദ്യത്തിന്റെയും നക്ഷത്രചിഹ്നമിടാത്ത 510, 511 എന്നീ നമ്പർ ചോദ്യങ്ങളുടേയും തിരുത്തിയ ഉത്തരം

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിൽ 2010 ഡിസംബർ 22-ാം തീയതിയിലെ നക്ഷത്രചിഹ്നമിട്ട 58-ാം നമ്പർ ചോദ്യത്തിലെ (ഡി) പിരിവ്, നക്ഷത്രചിഹ്നമിടാത്ത 510-ാം നമ്പർ ചോദ്യത്തിന്റെ (സി) പിരിവ്, നക്ഷത്രചിഹ്നമിടാത്ത 511-ാം നമ്പർ ചോദ്യത്തിന്റെ (എ) പിരിവ് എന്നിവയിൽ വന്നിട്ടുള്ള തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly